**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**
**Hazrat Khalifathullah Munir Ahmad Azim (A)**
**22 September 2017 / 01 Muharram 1439 Hijira)**

# NAYA SAAL MUBARAK (1439 HIJRI)

# പുതുവർഷ ആശംസകൾ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം **പുതുവർഷ ആശംസകൾ** അർപ്പിച്ചതിനു ശേഷം **SURA AL-FALAQ (CH : 113)** സൂറ : അൽഫലവ് (അധ്യായം113) എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

## സൂറ : അൽഫലവ് (അധ്യായം 113) പ്രഭാതം

1. പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ
2. പറയുക പ്രഭാതത്തിന്റെ നാഥനെ ഞാൻ അഭയം പ്രാപിക്കുന്നു.
3. അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ ഉപദ്രവങ്ങളിൽ നിന്ന്
4. രാവിന്റെ അത് സർവ്വത്ര അന്ധകാര നിബിഡമാകുമ്പോഴുള്ള ഉപദ്രവങ്ങളിൽ നിന്ന്
5. കെട്ടുകളിൽ ഊതുന്നവരുടെ ഉപദ്രവങ്ങളിൽ നിന്ന് (അതായത് മാരകമായ ആഭിചാരകർമ്മം)
6. അസൂയാലു അസൂയപ്പെടുമ്പോഴുണ്ടാകുന്ന അവന്റെ ഉപദ്രവങ്ങളിൽ നിന്ന്

ഇസ്ലാമിന്റെ പ്രാരംഭകാലത്ത് മക്കയിലവതരിച്ചതാണ് ഈ അധ്യായം. സാത്താന്റെ പ്രവർത്തനങ്ങൾക്കെതിരിൽ, അന്ധവിശ്വാസങ്ങൾക്കെതിരിൽ, ഭയത്തിനെതിരിൽ പോരാടുവാനുള്ള ഒരു പ്രതിവിധിയാണ് ഈ അധ്യായം നമുക്ക് നല്കുന്നത്. ഭൂമിയിൽ കാണാവുന്നതോ കാണാൻ കഴിയാത്തതോ ആയ എല്ലാ

വിധ തിന്മകളിൽ നിന്നും രക്ഷപ്രാപിക്കുവാൻ അല്ലാഹുവിൽ അഭയം തേടുവാൻ അത് നമ്മെ പഠിപ്പിക്കുന്നു. ഒരുദാഹരണമാണ് ജനങ്ങൾക്ക് സൃഷ്ടിക്കുവാൻ സാധിക്കുന്ന ഒരു പദ്ധതിയാണ്, മറ്റുള്ളവരെ പ്രയാസപ്പെടുത്തുവാനുള്ള പദ്ധതി കൾ ആവിഷ്ക്കരിക്കുക എന്നത് ! മറ്റുള്ളവരുടെ അസൂയയ്ക്കും കുശുമ്പിനുമെ തിരിലുള്ള ഒരു ചികിത്സയാണ് ഈ സൂറ :

അല്ലാഹു (ത) അവന്റെ പ്രകാശം അയയ്ക്കുമ്പോൾ എല്ലാവിധ അന്ധകാ രങ്ങളും അകന്നുപോകുന്നു. അവനാണ് ജനങ്ങൾക്ക് ജീവിതം നല്കുന്നത്. അവർക്ക് യഥാർത്ഥത്തിൽ ജീവിതം ഉണ്ട് എന്ന് തോന്നുന്നത് അതുകൊണ്ടാണ്. അത് ഭൗതികനിലയിലാകട്ടെ, ആത്മീയ നിലയിലാകട്ടെ. ഒരുത്മീയ മരണത്തിനു ശേഷമാണ് അതുകൊണ്ടാകുന്നത്. ജീവിതവും മരണവും രൂപം കൊള്ളുന്നത് സംഭവങ്ങളുടെ ചാക്രികമായ ആവൃത്തിയാണ്. അത് അല്ലാഹുവിന്റെ നിയന്ത്ര ണത്തിലുള്ളതാകുന്നു. അത് അവന്റെ കൈകളിലാണ്. എല്ലാ വിധ സാത്താനിക പ്രവർത്തനങ്ങളും അസാധുവാക്കുവാനുള്ള കഴിവ് അല്ലാഹുവിന് മാത്രമാണു ള്ളത്. ജീവിതവും മരണവും രൂപം കൊള്ളുന്നത് സംഭവങ്ങളുടെ ചാക്രികമായ ആവൃത്തിയാണ്. അത് അല്ലാഹുവിന്റെ നിയന്ത്രണത്തിലുള്ളതാകുന്നു. അത് അവന്റെ കൈകളിലാണ്. എല്ലാ വിധ സാത്താനിക പ്രവർത്തനങ്ങളും അസാധു വാക്കുവാനുള്ള കഴിവ് അല്ലാഹുവിന് മാത്രമാണുള്ളത്. ജനങ്ങൾ നിങ്ങളെ ഭയ പ്പെടുത്തുമ്പോൾ അതിൽ നിന്ന് നിങ്ങളെ മോചിപ്പിക്കുന്നത് അവനാകുന്നു. ഇത് പ്രാവർത്തികമാക്കുന്നത് അവൻ അവന്റെ ആത്മീയ പ്രകാശം അയയ്ക്കുന്നതിലൂ ടെയാണ്. മനുഷ്യൻ അവന്റെ ഭയത്തെ ആട്ടിഓടിക്കേണ്ടതാണ്. അവൻ അവന്റെ കാര്യങ്ങൾ സമ്പൂർണ്ണമായും അല്ലാഹുവിൽ ഭരമേല്പിക്കേണ്ടതാണ്. അവൻ അല്ലാഹുവിന്റെ സംരക്ഷണയിലായാൽ അവന് ഒരു ഉപദ്രവും ഏല്പിക്കുവാൻ ആർക്കും സാധ്യമല്ല. അല്ലാഹു അവനോടൊപ്പം ഉണ്ടായിരിക്കുന്നിടത്തോളം കാലം ഒരു സാത്താനും അവനെ വഴി തെറ്റിക്കുവാൻ സാധിക്കുകയില്ല. അവന്റെ, സാത്താന്റെ തെറ്റായ പ്രേരണകൾക്ക് അവനെയോ മറ്റാളുകളെയോ ഭയത്തിലക പ്പെടുത്തുവാനും കഴിയുകയില്ല. അല്ലാഹുവിലുള്ള അവരുടെ ഭരമേല്പിന് ഭംഗ മുണ്ടാക്കുവാനോ സാധിക്കുകയുമില്ല.

ഈ സൂറ : ഒരു പ്രാർത്ഥനയാണ്. പ്രസ്തുത പ്രാർത്ഥന അല്ലാഹുവിനോടാണ് അജ്ഞന്മാരായ, ദുർവൃത്തരായ ആളുകളിൽ നിന്നുള്ള സംരക്ഷണത്തിനായി സഹായത്തിനായി, അത്തരം ആൾക്കാർ നാവുകൊണ്ടും, കൈകൊണ്ടും പിന്നിൽ നിന്നു കുത്തുന്നതിലൂടെയും പദ്ധതികൾ തയ്യാറാക്കുന്നവരാകുന്നു. ഇത്തരം അസൂയാലക്കളുടെ ഹൃദയങ്ങളിൽ നിന്ന് സംരക്ഷണത്തിനും സഹായത്തിനുമായി ദൈവീക സഹായം മനുഷ്യന് ആവശ്യമുണ്ട്. കാരണം അസൂയ ഹൃദയത്തിനകത്ത് ഉള്ളതാകുന്നു. ഈ അസൂയ ഹൃദയത്തെ കുറെശ്ശെയായി തിന്നുന്നു. അങ്ങനെ പ്രസ്തുത ഹൃദയം അന്ധകാരമായി തീരുന്നു. മാരകമായ ഒരു ഉപായമായി ഇത് നിശബ്ദമായി പ്രവർത്തിക്കുന്നു. അത് അവന്റെ, അസൂയാലുവിന്റെ ശരീരത്തെ ബാധിക്കുന്നു ! അവന്റെ ആത്മീയതയെ ബാധിക്കുന്നു.

ആയതിനാൽ, നാം നമ്മുടെ മനസ്സിനെ എല്ലാവിധ തിന്മകളിൽ നിന്നും മുക്തമാക്കേണ്ടതാണ്. നമ്മുടെ ഹൃദയത്തെയും ആത്മാവിനെയും പ്രതികൂലമായി ബാധിക്കുന്ന എല്ലാവിധ ചിന്തകളിൽ നിന്നും നാം മോചിതരായിരിക്കേണ്ടതാണ്. അല്ലാഹു അല്ലാത്ത (മറ്റുള്ളവരിൽ നിന്നുള്ള ഭയത്തിൽ നിന്നും) നാം മുക്തരാകേണ്ടതാണ്. കാരണം ഭയം അത്തരം ഒരു ദൗർബല്യമാണ്. പ്രസ്തുത പരിഭ്രാന്തി നമ്മെ തന്നെ നശിപ്പിക്കുന്നതാണ്. നമ്മെ തന്നെ അത് ശിക്ഷിക്കുന്നതാണ്. അത് നമ്മുടെ ഈമാൻ നഷ്ടപ്പെടുത്താവുന്നതാണ്. അഥവാ അല്ലാഹുവിൽ ഭരമേല്പിക്കുന്നതിൽ നിന്ന് നമ്മെ തടസ്സപ്പെടുത്തുന്നതാണ്. നല്ല ജീവിതത്തിന് തടസ്സം സൃഷ്ടിക്കുന്ന എല്ലാവിധ തടസ്സങ്ങളെയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ നാം തട്ടിമാറ്റേണ്ടതാണ്. അതെ ! തീർച്ചയായും പുരോഗതി വരുന്നത് അല്ലാഹുവിന്റെ സംരക്ഷണയിൽ നിന്നുമാണ്. കഴിഞ്ഞകാല തെറ്റുകളെ മറക്കുക. ദൗർബല്യങ്ങളെ വിസ്മരിക്കുക. പാപങ്ങളെ വിസ്മരിക്കുക. അത്തരം തെറ്റുകൾ ഇനി ആവർത്തിക്കുകയില്ല എന്ന തീരുമാനത്തിലെത്തുക.

എന്റെ ദാസന്മാരെ അറിയിക്കുക, ഞാൻ സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു, (15 : 50)

അല്ലാഹു (ത) വീണ്ടും പറയുന്നു തീർച്ചയായും എന്റെ ശിക്ഷതന്നെയാണ് വേദനാജനകമായ ശിക്ഷയെന്നും (വിവരം അറിയിക്കുക) (15 : 51)

അല്ലാഹുവിൽ ഭരമേല്പിക്കുക എന്ന തീരുമാനത്തിൽ നാം എത്തി ചേർന്നാൽ, തീർച്ചയായും നമ്മുടെ റബ്ബിന്റെ, അല്ലാഹുവിന്റെ, നമ്മുടെ സൃഷ്ടാവിന്റെ സംരക്ഷണം നമുക്ക് ലഭിക്കുന്നതാണ്. അല്ലാഹു (ത) അവൻ തന്നെയാണ് നമ്മുടെ കഴിഞ്ഞകാല അവസ്ഥ (അതായത് അന്ധകാരത്തിലു അജ്ഞതയിലുമായിരുന്നു) യ്ക്ക് മാറ്റം വരുത്തി നമ്മെ പ്രകാശത്തിലേക്ക് നയിക്കുന്നത് (അതായത് അവനിലേക്ക്, അവന്റെ ദൂതനിലേക്ക്,അല്ലാഹുവിന്റെ ഇച്ഛകൾകനുസൃതമായ ചിന്താശരണിയിലേക്ക്)

**വചനം : 2 പറയുക പ്രഭാതത്തിന്റെ നാഥനെ ഞാൻ അഭയം പ്രാപിക്കുന്നു.**

ഈ ലോകത്ത് അല്ലാഹു (ത) സൃഷ്ടിച്ചിട്ടുള്ള എല്ലാ ശക്തികളിലും അനുകൂലമായും പ്രതികൂലമായുമുള്ള ശക്തിവിശേഷങ്ങളുണ്ട്. ഓരോന്നിലും നിക്ഷിപ്തമായിരിക്കുന്ന അനുകൂലവും പ്രതികൂലവുമായിരിക്കുന്ന ഈ ശക്തി വിശേഷങ്ങളെ അത് സ്വായത്തമാക്കിയിട്ടുള്ളവർക്ക് തങ്ങളുടെ നേട്ടങ്ങൾക്ക് അനുകൂലമായോ, പ്രതികൂലമായോ ഉപയോഗപ്പെടുത്താവുന്നതാണ്. നമുക്ക് സത്ശക്തികളെ പ്രകാശമായും ദുഃശക്തികളെ അന്ധകാരമായും താരതമ്യം ചെയ്യാവുന്നതാണ്. ഏതു രീതിയിലുള്ള അന്ധകാരമാണെങ്കിലും അല്ലാഹു (ത) യ്ക്ക് അത് ഇല്ലായ്മ ചെയ്യുവാനുള്ള കഴിവുണ്ട്. ആ അന്ധകാരത്തിനകത്ത് പ്രകാശത്തെ കടത്തിവിടാനുള്ള കഴിവുണ്ട്. അങ്ങനെ പ്രസ്തുത അന്ധകാരം സമ്പൂർണ്ണമായും പ്രകാശമായി മാറാവുന്നതാണ്. അതുകൊണ്ടാണ് നാം ഭയത്തിൽ നിന്ന് സ്വയം മുക്തരാകണമെന്ന് പറയുന്നത്. എന്നിട്ട് നാം അല്ലാഹുവിൽ അഭയം അന്വേഷിക്കുക. അങ്ങനെ വരുമ്പോൾ അവൻ നമ്മെ സംരക്ഷിക്കുന്നു അവന്റെ നന്മയാൽ അവർ നമ്മെ വഴി കാണിക്കുന്നു. അല്ലാഹുവിനേക്കാൾ നല്ല സംരക്ഷണം നല്കുവാൻ മറ്റാർക്കാണ് കഴിയുക ? ഫലഖ് എന്ന വാക്ക് പ്രഭാതത്തെ സൂചിപ്പിക്കുന്നു. സൂര്യന്റെ പ്രകാശം ഉദയം ചെയ്യുമ്പോൾ, ഒരു പുതിയ ദിനം പ്രത്യക്ഷമാകുന്നു. അന്ധകാരത്തിന്റെ രാത്രി അപ്രത്യക്ഷമാകുമ്പോൾ, സൂര്യന്റെ പ്രകാശത്തിനുള്ള വഴി തുറക്കുന്നു. (അങ്ങനെ ആ പുതിയ ദിവസമുണ്ടാകുന്നു,)

പ്രസ്തുത പ്രയോഗത്തിനും നമുക്ക് പലവിധ വ്യാഖ്യാനങ്ങൾ നല്കുവാൻ കഴിയും.

1. ഭാഷാപരമായി വ്യഖ്യാനിച്ചാൽ പ്രകാശ രശ്മികൾ അന്ധകാരത്തിന്റെ രാത്രിയിൽ തുളച്ചു കയറുമ്പോൾ, ഒരു പുതിയ ദിനം ഉദയം ചെയ്യുന്നു.

2. മറ്റൊരു തരത്തിൽ വ്യഖ്യാനിച്ചാൽ, അജ്ഞാനാന്ധകാരത്തിൽ (അതായത് ഇരുണ്ട കാലഘട്ടം, അജ്ഞതയാൽ, അധഃപതനത്താൽ, വഞ്ചനയാൽ, അധാർമ്മികതയാൽ, കൊടികുത്തിയ കാലം) ഈ ലോകത്ത് വ്യാപിക്കുമ്പോൾ, ജനഹൃദയങ്ങളിൽ നിന്ന് അല്ലാഹുവിന്റെ പ്രകാശം കുറെശ്ശെയായി അപ്രത്യക്ഷമായി, എന്നിട്ട് അത് പരിപൂർണ്ണതയിലെത്തുമ്പോൾ, അല്ലാഹുവിന്റെ പ്രകാശം നല്കി അവരെ പ്രകാശമാനമാക്കുവാൻ, നേർപാതയിൽ നയിക്കുവാൻ, തദ്വാര മനുഷ്യാത്മാക്കളെ പ്രകാശഭരിതമാക്കുവാൻ വിശ്വാസ പ്രകാശത്താൽ അവരെ വീണ്ടും ധന്യരാക്കുവാനുള്ള പ്രഭാതോദയം. ഈ പ്രകാശം സമാഗതമാകുമ്പോൾ, അല്ലാഹുവിന്റെ ഇച്ഛയാൽ അന്ധകാരം എത്ര ശക്തിയായാലും അതിനെ ഇല്ലായ്മ ചെയ്യുന്നു. അങ്ങനെ നിരാശരായവർക്ക് പ്രതീക്ഷയുടെ തിരിനാളം നീട്ടികൊടുക്കുന്നു. വിശ്വാസമില്ലാതിരുന്നവർക്ക് വിശ്വാസത്തിലേക്ക് കടന്നു വരുവാൻ അവസരം ലഭിക്കുന്നു. അല്ലാഹുവിൽ നിന്നും അകന്നു പോയവർക്ക് അടുത്തുവരുവാനുള്ള അവസരം ലഭിക്കുന്നു. വിശ്വാസികളായിരുന്നെങ്കിലും ഈ ലോകത്തിലെ കേടുപാടുകളിൽ പെട്ടു അകന്നുപോയവർക്കും വീണ്ടും അല്ലാഹുവിലേക്ക് വരുവാനുള്ള അവസരം ലഭിക്കുന്നു. അവനെ മറന്ന് ആരാധനും മറന്നിരുന്നവർക്ക് വീണ്ടും ഒരുണർത്തു പാട്ട് ! അല്ലാഹു (ത) അവന്റെ പ്രകാശം അയ്ക്കുമ്പോൾ, നിങ്ങൾ മനസ്സിലാക്കണം. ഒരു നിശ്ചിത സമയത്തേക്ക് മാത്രമുള്ളതാണ്. പ്രകാശം വരുന്നത് ഇരുട്ട് ലോകത്ത് കട്ട പിടിച്ചുകഴിയുമ്പോഴാണ്. അപ്പോൾ അവൻ അവന്റെ സത്തയിൽ നിന്നും ഒരാളെ നിയോഗിക്കുന്നു. അവന്റെ തന്നെ സത്തയിൽ നിന്ന്, അത്തരം ഒരു സന്ദേശവാഹകൻ മനുഷ്യരിൽ നിന്നും വരുകയും പ്രസ്തുത അന്ധകാരത്തെ ഇല്ലായ്മ ചെയ്യുകയും ചെയ്യുന്നു. സന്മാർഗ പ്രകാശം അവരിൽ കടന്നു ചെന്ന് മനുഷ്യസമുദായത്തിന്റെ പരിശുദ്ധ ഗ്രന്ഥത്തിന്റെ ഗ്രഹണത്തിലൂടെയും, അപഗ്രഥനത്തിലൂടെയും (വിശുദ്ധ ഖുർആന്റെയും ദുആയുടെയും) ഫലമായി അതവർക്ക് ലഭ്യമാകുന്നു.

3. ഫലഖ് എന്നതിന്റെ മറ്റൊരു വ്യാഖ്യാനം, നമുക്ക് ചുറ്റുമുള്ള നാം കാണുന്ന എല്ലാ വസ്തുക്കളുടെയും ജീവിതത്തിന്റെയും പ്രവർത്തനങ്ങളുടെയും ഉറവിടത്തിലേക്കുള്ള ഒരു ചിന്ത! അത് നാം എല്ലാ ദിവസവും ചെയ്യുന്നതാണ്. വിശിഷ്യാ ദൈവപാതയിൽ ! അത്തരം ഒന്ന് രൂപം കൊള്ളുന്നത്, നാം പറയുന്ന അല്ലാഹുവിന്റെ പ്രകാശത്തിൽ നിന്നുമാണ്. അല്ലാഹുവിൽ വിശ്വാസമുള്ള ഒരു യഥാർത്ഥ മനുഷ്യൻ അവന്റെ ജീവിതം അല്ലാഹുവിന് ചുറ്റും കറങ്ങികൊണ്ടിരിക്കുന്നതാണ്. അവൻ തന്റെ ഭൗതികതയിലുള്ള എല്ലാ ബന്ധങ്ങളും വിഛേദിച്ച്, അവൻ അല്ലാഹുവിലേക്ക് പൂർണ്ണമായി തിരിയുകയും അവനെ സ്തുതിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. കാരണം അവനറിയാം, ഈ പ്രപഞ്ചം വൃഥാവിൽ സൃഷ്ടിച്ചതല്ല, മറിച്ച് തീർച്ചയായും ഇതിനൊരു ലക്ഷ്യമുണ്ട്. അവൻ ഇതിനെപറ്റി ചിന്തിക്കുകയും അതു അംഗീകരിക്കുകയും ചെയ്യുന്നു. തീർച്ചയായും ഇതിനൊരു ഉടമസ്ഥനുണ്ട്, ഒരു ദൈവമുണ്ട്. അത്തരം ഒരു സൃഷ്ടാവാണ് ഇതിനെ എല്ലാം സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ടു അവൻ അവനോട് നന്ദികെട്ടവനായിരിക്കുവാൻ കഴിയില്ല. നാം ഇത്തരത്തിൽ കാര്യങ്ങൾ മനസ്സിലാക്കി അവനിലേക്ക് തിരിയുന്നില്ലെങ്കിൽ എല്ലാസാത്തനിക കാര്യങ്ങളും, അന്ധവിശ്വാസങ്ങളും, ഭയവും, എല്ലാവിധ തിന്മകളും നമ്മിൽ അന്ധകാര രൂപത്തിൽ പ്രവേശിക്കുന്നതാണ്. അപ്പോൾ നിങ്ങളോടൊപ്പം അല്ലാഹു ഇല്ലെങ്കിൽ, നിങ്ങളെ ഈ പറയപ്പെട്ട അന്ധകാരങ്ങൾ നിങ്ങളെ പൊതിയുന്നതാണ്. എന്നാൽ നിങ്ങളോടൊപ്പം, അല്ലാഹു ഉണ്ടെങ്കിൽ, അപ്പോൾ ഈ അന്ധകാരം, ഒപ്പം, ഭയം, ഉത്കണ്ഠ ഇവയൊക്കെ നിങ്ങളിൽ നിന്ന് വിട്ടകലുകയും പകരം തഖ്‌വ അല്ലാഹുവിലുള്ള ഭയം, വലിയ ആദരവ് നിങ്ങളിൽ കടന്നുകൂടുകയും അല്ലാഹുവിൽ കാര്യങ്ങൾ ഭരമേല്പിക്കുകയും ചെയ്യുന്നു. നാം അല്ലാഹുവിൽ മാത്രം നമ്മുടെ കാര്യങ്ങൾ എപ്പോൾ ഭരമേല്പിക്കുമോ നമ്മുടെ ജീവിതത്തിൽ ഓരോ സെക്കന്റിലും നാം അല്ലാഹുവിനെ മാത്രം നമ്മുടെ മനസ്സിൽ നട്ടു പിടിപ്പിച്ചു നിർത്തുമോ, അപ്പോൾ മുതലാണ് എല്ലാവിധ അന്ധകാരങ്ങളിൽ നിന്നുമുള്ള, നമുക്കുള്ള, ശാശ്വതമായ സംരക്ഷണം ആരംഭിക്കുന്നത്.

## വചനം 3 :

## അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ ഉപദ്രവങ്ങളിൽ നിന്ന് !

എല്ലാവിധ ഭയത്തിൽ നിന്നും അന്ധ വിശ്വാസങ്ങളിൽ നിന്നും അപകടങ്ങളിൽ നിന്നും ഉപദ്രവങ്ങളിൽ നിന്നും അല്ലാഹുവിൽ നാം ഭരമേല്പിക്കുന്നതിലൂടെ നമുക്ക് സംരക്ഷണം ഉറപ്പാക്കപ്പെടുകയാണ് ചെയ്യുന്നത്.

താഴെപറയുന്ന മൂന്ന് വചനങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള മൂന്ന് രീതിയിലുള്ള ഉപദ്രവങ്ങളുണ്ട്. അതിൽ നിന്നും രക്ഷപ്പെടാനുള്ള ഏറ്റവും നല്ല സംരക്ഷണോപാധി, നാം അല്ലാഹുവിൽ സമ്പൂർണ്ണമായി ഭരമേല്പിക്കുക എന്നതാണ്. കാരണം അവൻ ആകാശഭൂമികളുടെ പ്രകാശമാകുന്നു. ഈ ഉപദ്രവങ്ങൾ

1. ഭൗതിക / ശാരീരിക അപകടങ്ങൾ, അവ ഇരുട്ടിനെ പ്രതിനിധാനം ചെയ്യുന്നു.
2. നമ്മുടെ ഉള്ളിൽ കണ്ടെത്തുന്ന അപകടങ്ങൾ (നമ്മുടെ മനസ്സിലും, ഹൃദയത്തിലും ) അത് നമ്മെ നശിപ്പിക്കാൻ പ്രാപ്തമാണ്, പ്രസ്തുത സാത്താൻ നമ്മിൽ അനന്തരവകാശിയായി കുടിയേറിയതാണ്. അവൻ തന്റെ സ്വാധീനം പ്രകടമാക്കുന്നതാണ് (അത് നമ്മുടെ ഉള്ളിലും പ്രകടമാക്കാവുന്നതാണ്)
3. ഭൗതിക / ശാരീരിക അപകടങ്ങൾക്കു പുറമെയുള്ളത് , അവ നമ്മുടെ ചുറ്റുപാടിൽ നിന്നാണുണ്ടാകുന്നത്, സമ്പൂർണ്ണമായ കുഴപ്പം പിടിച്ച ഇച്ഛകളുടെ പരിണിതഫലമാണ്, അല്ലാഹു നമുക്ക് നല്കിയ എല്ലാ നല്ലതിനെയും നശിപ്പിക്കുവാൻ വേണ്ടിയുള്ള അന്വേഷണമാണത്

## വചനം 4 :

## രാവിന്റെ – അത് സർവ്വത്ര അന്ധകാരനിബിഡമാകുമ്പോഴുള്ള ഉപദ്രവങ്ങളിൽ നിന്ന്

രാത്രിയുടെ അന്ധകാരം അതായത് ഭൗതികാന്ധകാരം അത് നമുക്ക് നമ്മുടെ കണ്ണുകൊണ്ടു കാണുവാൻ കഴിയുന്നതാണ്. അതു നാം അഭിമുഖീകരിക്കുന്ന ശാരീരക അപകടങ്ങളും പ്രയാസങ്ങളുമാകുന്നു. അനേകർ ഇരുട്ടിനെ ഭയപ്പെടുന്നു. ഭൗതിക അന്ധകാരത്തെ ! എന്നാൽ എല്ലാവരും അവരുടെ ശരീരത്തെ പിടിച്ചുലക്കാവുന്ന അപകടത്തെ ഭയപ്പെടുന്നവരാണ് ; അവ അപകടങ്ങളിലൂടെയാകാം, കലാപങ്ങളിലൂടെയാകാം. ഇത്തരം നമ്മുടെ എല്ലാ ഭയങ്ങളും നാം നമ്മിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. ആവശ്യമായ മുൻകരുതലുകൾ എടുത്തശേഷം നാം നമ്മെ അല്ലാഹുവിൽ പൂർണ്ണമായും ഭരമേല്പിക്കേണ്ടതാണ്.

## വചനം 5 :

**കെട്ടുകളിൽ ഊതുന്നവരുടെ ഉപദ്രവങ്ങളിൽ നിന്ന് (അതായത് മാരകമായ ആഭിചാരകർമ്മം)**

കെട്ടുകളിൽ ഊതുന്നവർ എന്നതിന്റെ ഭാഷാപരമായ അർത്ഥം മാരകമായ ആഭിചാരകർമ്മം നടത്തുന്നവർ എന്നാകുന്നു. കെട്ടുകളിൽ ഊതുന്നവർ, അതു പണ്ടു കാലങ്ങളിലുമുണ്ടായിരുന്നു. ഇപ്പോഴുമുണ്ട്. ഇത് സാധാരണയായി അധാർമ്മിക സ്ത്രീകളുടെ നടപടികളാകുന്നു. അവർ പിശാചിന്റെ കാലടികളെ പിന്തുടരുന്നവരാകുന്നു. ആഭിചാര കർമ്മം പിശാചിന്റെ പണിയാകുന്നു. ആഭിചാരത്തിന്റെ അത്ഭുത വിദ്യയിലൂടെ ജനഹൃദയങ്ങളിൽ, ജന മനസ്സുകളിൽ ഭയവും മാറാ വ്യാധിയും അങ്കുരിപ്പിക്കുന്നു. ഈ പൈശാചിക പ്രവർത്തനങ്ങൾ, മാജിക്കിന്റെ ഇരുണ്ടവശങ്ങളിലൂടെയാകാം. അഥവാ തെറ്റായ / കുറ്റകരമായ രഹസ്യ പദ്ധതിയിലൂടെയായിരിക്കാം. അഥവാ തെറ്റായതും അന്തസ്സില്ലാത്തതുമായ മന്ത്രോച്ചാരണങ്ങളുടെ പ്രകടനത്തിലൂടെയാകാം. അഥവാ പിന്നിൽ കുത്തലിലൂടെയാകാം, നുണപ്രചാരണത്തിലൂടെയാകാം. രഹസ്യമായോ പരസ്യമായോ അവരിലുള്ള മോശ പ്രവർത്തനങ്ങളുടെ അനന്തരഫലങ്ങളുടെ ബഹിർ പ്രകടനങ്ങളാകാം. അവരുടെ നുണപ്രചാരണങ്ങൾ അവർ ആരംഭിക്കുന്നത് തെറ്റായ നിലയിലാണ്. അവരുടെ പിന്നിലുള്ളവർ നല്ലവരായ ആളുകളെ അഥവാ പൊതുജനങ്ങളെ ഭയപ്പെടുത്തുവാൻ ഇത്തരം പ്രവർത്തികൾ ചെയ്യുകയാണ്. അതുമല്ലെങ്കിൽ നേരായ പാതയിൽ നിന്നും മനുഷ്യനെ വഴി തെറ്റിക്കുവാൻ അവർ ശ്രമിക്കുകയാണ്. ഇവയെല്ലാം വളരെ മോശമായ പ്രവർത്തികൾ തന്നെയാണ്. എന്നാൽ ഏതു ജനങ്ങളാണ് അവരെ പിന്തുടരുവാൻ സ്വയം പ്രേരിപ്പിക്കപ്പെടുക ?. ആയതിനാൽ ആഭിചാര പ്രവർത്തകരിൽ നിന്നും ഇത്തരം പ്രവർത്തികളിൽ നിന്നും അവരുടെ ഉപദ്രവങ്ങളിൽ നിന്നും നിങ്ങൾ വിശ്വാസികൾ വിദൂരത്തായിരിക്കണം .

## വചനം 6 :

**അസൂയാലു അസൂയപ്പെടുമ്പോഴുണ്ടാകുന്ന അവന്റെ ഉപദ്രവങ്ങളിൽ നിന്ന്**

മറ്റുള്ളവരോട് അസൂയവെച്ചു പുലർത്തുന്നവർ, അസൂയയാലും ശത്രുതയാലും അവർ സ്വയം തെറ്റായ വഴിയിലൂടെ സഞ്ചരിക്കുവാൻ തയ്യാറായിരിക്കുന്നവരാണ്. ഈ അസൂയയും ശത്രുതയും വെറുപ്പും പ്രവർത്തിപഥത്തിൽ കൊണ്ടു

വരുവാൻ അവരുടെ കഴിവുകൾ ഉപയോഗിക്കുന്നു. എന്നിട്ട് മററുള്ളവർ അനുഭവിക്കുന്ന സന്തോഷവും, ഭൗതിക നേട്ടവും, ആത്മീയ സുഖവും നശിപ്പിക്കുന്ന തിനായി പരിശ്രമിക്കുന്നവരാണവർ. മറ്റുള്ളവരെ കുറിച്ചുള്ള നമ്മുടെ ഉള്ളിലുള്ള അസൂയ നമ്മിൽ നിന്നും ആട്ടിയോടിക്കുവാൻ പറ്റിയ ഏറ്റവും നല്ല മാർഗ്ഗം പ്രസ്തുത അസൂയയേയും ശത്രുതയേയും, നമ്മിൽ നിന്നും തള്ളിപുറത്താക്കുക എന്നതാണ്. അതിന് അല്ലാഹുവിലുള്ള സമ്പൂർണ്ണഭരമേല്പിക്കൽ അനിവാര്യമാണ്. നമ്മുടെ അല്ലാഹുവിൽ, നമ്മുടെ രക്ഷിതാവിൽ, നമ്മുടെ സൃഷ്ടാവിൽ സർവ്വതും ഭരമേല്പിക്കുക. ഈ തെറ്റായ കണ്ണുകളിൽ നിന്നും നാം നമ്മെ എപ്പോഴും സംരക്ഷിച്ചു നിർത്തേണ്ടതുണ്ട്. അതിന് നാം ദൈവസ്മരണ സദാ നിലനിർത്തണം, ദൈവത്തോട് പ്രാർത്ഥിച്ചു കൊണ്ടിരിക്കണം. നിഷ്ക്കളങ്കമായ ഹൃദയത്തോടെ, സമ്പൂർണ്ണ ആത്മവിശുദ്ധിയോടെ !

നമുക്ക് അല്ലാഹുവിനോട് പ്രാർത്ഥിക്കാം. ഈ എല്ലാ തിന്മകളോടും പോരാടുവാനുള്ള ശക്തിക്കായി ! അത് നമ്മിൽ മറഞ്ഞിരിക്കുന്നതാകട്ടെ. അഥവാ നമുക്ക് ചുററും നാം കാണുന്നതാകട്ടെ ! അല്ലാഹു (ത) അവന്റെ പ്രകാശപാതയിലൂടെ നമ്മെ നയിക്കട്ടെ അന്ധകാരത്തിൽ കഴിയുന്നവരെല്ലാം നേർമാർഗത്തിലാകട്ടെ ! ആത്മീയാന്ധകാരത്തിൽ നിന്നും മാറ്റി ശരിയായ വിശ്വാസധാരയിലേക്ക് അവൻ നമ്മെ നയിക്കട്ടെ ! അവന് മാത്രമായി സകലതും നമുക്ക് സമർപ്പിക്കാം. അങ്ങനെ ആത്മീയ ശാന്തിയും സൗഹൃദവും വിളങ്ങട്ടെ ! ഇൻശാ അല്ലാഹ് ആമീൻ.

**Translated by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**